(ബി) എങ്കിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിലെ ആകെ ജനസംഖ്യ എത്രയെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ 8 ഗ്രാമപഞ്ചായത്തുകളെ ജനസംഖ്യ, ഭൂ വിസ്തൃതി, തനത് ഫണ്ട് സ്വരൂപിക്കാനുള്ള ശേഷി എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിഭജിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

പഞ്ചായത്തുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താൻ നടപടി

84 [2516] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ സെക്രട്ടറിമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഓവർസീയർമാർ എന്നീ തസ്തികകളിൽ ജീവനക്കാരില്ലാത്ത എത്ര പഞ്ചായത്തുകളാണുള്ളത്; ഏതെല്ലാം;

(ബി) മേൽപറഞ്ഞ തസ്തികകളിൽ ജീവനക്കാരില്ലാത്തതിനാൽ പഞ്ചായത്തിലെ പദ്ധതികളും പ്രവർത്തികളും നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയാണ് ഉള്ളതെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(സി) ഒഴിവുകൾ നികത്തുന്നതിനും, പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ജീവനക്കാരുടെ ഒഴിവുകൾ താഴെപ്പറയും പ്രകാരമാണ്.

	തസ്തിക	*ഒഴിവുകൾ*
1.	സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി	61
2.	സെക്രട്ടറി	52
3.	അസിസ്റ്റന്റ് എഞ്ചിനീയർ	1
4.	ഒന്നാം ഗ്രേഡ് ഓവർസീയർ	1
5.	രണ്ടാം ഗ്രേഡ് ഓവർസീയർ	42

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ പുനർവിന്യാസം വഴി 124 പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കേണ്ടതുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്.

(സി) സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം നടത്തുന്നത് 19545/05 നമ്പർ റിട്ട് പെറ്റീഷനിൽ ഹൈക്കോടതി സ്റ്റേ ചെയ്തത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹെഡ്ക്ളാർക്ക്, സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് തസ്തികകളിലേക്കുള്ള ഉദ്യോഗക്കയറ്റം 1551/04 നമ്പർ റിട്ട് അപ്പീലിലെ ഉത്തരവു പ്രകാരം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഒഴിവുള്ള 42 രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി നേരിട്ട് നിയമനം ലഭിച്ചവർ

85 [2517] *ശ്രീ. ജി. കാർത്തികേയൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് സെക്രട്ടറിമാരായി എത്രപേർക്ക് ഈ വർഷം ജൂൺ 30-നകം നേരിട്ട് നിയമനം നൽകിയിട്ടുണ്ട്;

(ബി) 2005 ജൂൺ 30 വരെ ഉണ്ടായിട്ടുള്ള എൻ.ജെ.ഡി. ഒഴിവുകൾ എത്ര;

(സി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) നിലവിൽ എൻ.ജെ.ഡി. ഉൾപ്പെടെ എത്ര ഒഴിവുകൾ നിലനിൽക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 17 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 9 എൻ.ജെ.ഡി. ഒഴിവുകൾ.

(സി) & (ഡി) 6 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്. മൂന്നു ഒഴിവുകൾ സംബന്ധിച്ച് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരിൽനിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പി.എസ്.സി. യെ അറിയിക്കുന്നതാണ്.

(ഇ) നേരിട്ട് നിയമനം നടത്തേണ്ട 12 ഒഴിവുകൾ നിലനിൽക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly